# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.3930      11/11/2019-ൽ മറുപടിക്ക്

## രക്തപരിശോധനാ ലാബുകളുടെ പ്രവർത്തനങ്ങളും ഗുണനിലവാരവും

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.സജി ചെറിയാൻ** | | **കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിതാ ശിശു വികസനവും വകുപ്പുമന്ത്രി)** | |
| എ) | സംസ്ഥാനത്തെ രക്തപരിശോധനാ ലാബുകളുടെ പ്രവർത്തനങ്ങളും ഗുണനിലവാരവും പരിശോധനാവിധേയമാക്കുന്നുണ്ടോ; വ്യക്തമാക്കാമോ; | എ) | ഉണ്ട്. സർക്കാർ മേഖലയിലെ രക്ത പരിശോധന ലാബുകളിൽ യോഗ്യതയുള്ള മെഡിക്കൽ ഓഫീസർമാർ, സയന്റിഫിക് ഓഫീസർമാർ, ലാബ് ടെക്നീഷ്യൻമാർ എന്നിവരുടെ സേവനം ലഭ്യമാണ്. കൂടാതെ കേരളാ മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ വഴി ഗുണനിലവാരമുള്ള മെഡിക്കൽ ഉപകരണങ്ങളും, മെഷ്യനുകളും ലഭ്യമാക്കുന്നുണ്ട്. ആയതിനാൽ ടി ലാബുകളുടെ ഗുണനിലവാരം ഉറപ്പാക്കാൻ കഴിയുന്നുണ്ട്. 2018-ലെ കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് പ്രകാരം സർക്കാർ മേഖലയിലെയും, സ്വകാര്യ മേഖലയിലെയും മെഡിക്കൽ ലബോറട്ടറികൾ രജിസ്റ്റർ ചെയ്യേണ്ടതായിട്ടുണ്ട്. 2019 ജനുവരി മുതൽ ടി രജിസ്ട്രേഷൻ നടന്നുകൊണ്ടിരിക്കുകയാണ്. അടിസ്ഥാന സൗകര്യങ്ങൾ, യോഗ്യതയുള്ള ടെക്നിക്കൽ സ്റ്റാഫുമാർ എന്നീ വിവരങ്ങൾ രജിസ്ട്രേഷനു വേണ്ടി നൽകേണ്ടതാണ്. 2 വർഷത്തേയ്ക്ക് താൽക്കാലിക രജിസ്ട്രേഷനും, എല്ലാ ഗുണനിലവാരവും ഉള്ള ലബോറട്ടറികളാണെങ്കിൽ സ്ഥിരം രജിസ്ട്രേഷനും ലഭിക്കുന്നതാണ്. കൂടാതെ സ്വകാര്യ മേഖലയിലെ ഏതെങ്കിലും ലബോറട്ടറിയെക്കുറിച്ച് പരാതി ലഭിക്കുകയാണെങ്കിൽ ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ആഫീസറുടെ നേതൃത്വത്തിലുള്ള കമ്മിറ്റി പ്രസ്തുത ലബോറട്ടറികൾ പരിശോധിക്കുകയും, നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. |
| ബി) | പല ലാബുകളിൽ നിന്നും ലഭിക്കുന്ന റിസൾട്ടുകളിൽ വരുന്ന വ്യതിയാനങ്ങൾ വകുപ്പ് തലത്തിൽ പഠനവിധേയമാക്കുന്നതിനുള്ള സംവിധാനങ്ങൾ നിലവിലുണ്ടോ; വിവരിക്കാമോ; | ബി) | ഇപ്പോൾ നിലവിലില്ല. ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് നടപ്പിലാക്കുന്നതിന്റെ ഭാഗമായി ആവശ്യമായ നടപടികൾ സ്വീകരിക്കാവുന്നതും രജിസ്ട്രേഷൻ ക്യാൻസൽ ചെയ്യുന്നതുൾപ്പെടെയുള്ള ശിക്ഷാ നടപടികൾ സ്വീകരിക്കുവാനും കഴിയുന്നതുമാണ്. |

| | | | |
|---|---|---|---|
| സി) | പരിശോധനാ ചാർജ്ജുകൾ ഏകീകരിക്കുന്നതിനുള്ള നടപടികൾ സർക്കാരിന്റെ ആലോചനയിലുണ്ടോ; | സി) | അത്തരത്തിലുള്ള ആലോചന നിലവിലില്ല. |
| ഡി) | അംഗീകാരം ഉള്ളതും ഇല്ലാത്തതുമായ എത്ര ലാബുകളാണ് ചെങ്ങന്നൂർ മണ്ഡലത്തിൽ പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കാമോ? | ഡി) | അംഗീകാരം ഉള്ളതും ഇല്ലാത്തതുമായി 17 സ്വകാര്യ ലാബുകളാണ് ചെങ്ങന്നൂർ മണ്ഡലത്തിൽ പ്രവർത്തിക്കുന്നത്. |

സെക്ഷൻ ഓഫീസർ